ഉത്തരം

(എ)&(ബി) ഉണ്ട്. ചെങ്കൽ, കുളത്തൂർ, പരണിയം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ കെട്ടിട നിർമ്മാണം പൂർത്തിയായെങ്കിലും വൈദ്യുതീകരണം പൂർത്തിയായിട്ടില്ല. കൊല്ലയിൽ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിലും ചെങ്കൽ, കുളത്തൂർ, പരണിയം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ധനലഭ്യതയനുസരിച്ച് അധിക സ്റ്റാഫിനെ നിയമിക്കുന്ന മുറയ്ക്കും മേൽ പ്രവൃത്തികൾ പൂർത്തിയാക്കുന്ന മുറയ്ക്കും വാർഡുകൾ തുറന്ന് പ്രവർത്തനമാരംഭിക്കാവുന്നതാണ്.

പയ്യോളി പഞ്ചായത്തിലെ കോട്ടയ്ക്കൽ പി.എച്ച്.സി.

161(1649)ശ്രീ. പി. വിശ്വൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യോളി പഞ്ചായത്തിലെ കോട്ടയ്ക്കൽ പി.എച്ച്.സി.യിൽ ശരാശരി ഒരു ദിവസം എത്ര രോഗികൾ പരിശോധനയ്ക്ക് എത്തുന്നുണ്ട്;

(ബി) പ്രസ്തുത പി.എച്ച്.സി. യിൽ ഒരു സ്പെഷ്യലിസ്റ്റ് ഡോക്ടറെ നിയമിക്കുമോ;

(സി) സ്പെഷ്യലിസ്റ്റ് ഡോക്ടറെ നിയമിക്കുന്നതുവരെ ആഴ്ചയിലൊരിക്കലെങ്കിലും സ്പെഷ്യലിസ്റ്റ് ഡോക്ടറുടെ സേവനം ഉറപ്പു വരുത്തുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിലെ പയ്യോളി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കോട്ടയ്ക്കൽ ഇരിക്കൽ പി.എച്ച്.സി. യിൽ ഒരു ദിവസം ശരാശരി 130 രോഗികൾ പരിശോധനയ്ക്ക് എത്തുന്നുണ്ട്.

(ബി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ തസ്തിക ഇല്ല.

(സി) പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ എല്ലാ സ്പെഷ്യലിസ്റ്റുകളുടെയും സേവനം ലഭ്യമാക്കുക എന്നതു പ്രായോഗികമല്ല. മറ്റു ആശുപത്രികളിൽ നിന്നും താല്ക്കാലിക അടിസ്ഥാനത്തിൽ ഡോക്ടർമാരെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേക്കയച്ചാൽ ആശുപത്രികളിൽ സ്പെഷ്യലിസ്റ്റുകളുടെ സേവനം ലഭ്യമല്ലാതെ വരും.

നെല്ലിയൂർ പ്രാഥമികാരോഗ്യകേന്ദ്രം

162 (1650)ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറന്മുള നിയോജകമണ്ഡലത്തിലെ കോയിപ്രം പഞ്ചായത്തിൽ നെല്ലിയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം തുറന്ന് പ്രവർത്തിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഇ) കെട്ടിടം തുറന്ന് പ്രവർത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly